പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 92

**2022-ലെ കേരള പ്രളയ സമതല മാനേജ്മെന്റ് അതോറിറ്റി രൂപീകരണ ബിൽ**

(ഡോ. എൻ. ജയരാജ്, എം.എൽ.എ. നോട്ടീസ് നൽകിയത്)

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 92

**2022-ലെ കേരള പ്രളയ സമതല മാനേജ്മെന്റ് അതോറിറ്റി രൂപീകരണ ബിൽ**

(ഡോ. എൻ. ജയരാജ്, എം.എൽ.എ. നോട്ടീസ് നൽകിയത്)

196/2022.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 92

# 2022-ലെ കേരള പ്രളയ സമതല മാനേജ്മെന്റ് അതോറിറ്റി രൂപീകരണ ബിൽ

സംസ്ഥാനത്തെ പ്രളയ സമതലങ്ങളുടെ സർവ്വേ നടത്തി പ്രളയ സമതല മേഖലകൾ നിർണ്ണയിക്കുന്നതിനും അടയാളപ്പെടുത്തുന്നതിനും തരംതിരിക്കുന്നതിനും പ്രളയ സമതലങ്ങളിൽ ജനവാസത്തിനും സാമ്പത്തിക പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള മാനുഷിക ഇടപെടലുകൾക്കും നിയന്ത്രണങ്ങൾ കൊണ്ടുവരുന്നതിനും അതുവഴി ജനങ്ങളുടെ ജീവനും സ്വത്തിനും വരുന്ന നാശനഷ്ടങ്ങൾ പരിമിതപ്പെടുത്തുന്നതിനും ജലാശയങ്ങൾ സംരക്ഷിക്കുന്നതിനുമായി ഒരു പ്രളയസമതല മാനേജ്മെന്റ് അതോറിറ്റി രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗിക മായതോ ആയ മറ്റ് കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—കേരള സംസ്ഥാനത്ത് പ്രളയ സമതലങ്ങളുടെ സർവ്വേ നടത്തി പ്രളയ സമതലമേഖലകൾ നിർണ്ണയിക്കുന്നതിനും അടയാളപ്പെടുത്തുന്നതിനും തരംതിരിക്കുന്നതിനും പ്രളയ സമതലങ്ങളിൽ ജനവാസത്തിനും സാമ്പത്തിക പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള മാനുഷിക ഇടപെടലുകൾക്കും നിയന്ത്രണങ്ങൾ കൊണ്ടുവരുന്നതിനും അതുവഴി ജനങ്ങളുടെ ജീവനും സ്വത്തിനും വരുന്ന നാശനഷ്ടങ്ങൾ പരിമിതപ്പെടുത്തുന്നതിനും ജലാശയങ്ങൾ സംരക്ഷിക്കുന്നതിനുമായി ഒരു പ്രളയ സമതല മാനേജ്മെന്റ് അതോറിറ്റി രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ മറ്റ് കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിമൂന്നാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

## അദ്ധ്യായം 1

## പ്രാരംഭം

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2022-ലെ കേരള പ്രളയ സമതല മാനേജ്മെന്റ് അതോറിറ്റി രൂപീകരണ ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടനടി പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റ് വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "പ്രളയ സമതലം" എന്നാൽ പ്രളയംമൂലമോ അല്ലാത്തതോ ആയ ജല പാതയോട് ചേർന്നതോ, വെള്ളപ്പൊക്ക സാധ്യതയുള്ള താഴ്ന്ന പ്രദേശങ്ങൾ ഉൾക്കൊള്ളുന്നതോ ആയ കരപ്രദേശം എന്നർത്ഥമാകുന്നു;

(ബി) ''പ്രളയ സമതല മേഖല'' എന്നാൽ കനത്ത മഴമൂലമോ, നദികൾ, അണക്കെട്ടുകൾ തുടങ്ങിയവയിൽ നിന്നുള്ള കവിഞ്ഞൊഴുക്കുമൂലമോ മറ്റ് കാരണങ്ങൾ മൂലമോ പ്രളയം ബാധിക്കുന്നതോ, പ്രളയം ആവർത്തിക്കപ്പെടുന്നതോ, മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ എന്നിവ നിരന്തരം ഉണ്ടാകുന്നതുമൂലം പ്രളയ സാധ്യത ഏറിയതോ ഈ ആക്റ്റിലെ 3-ാം വകുപ്പിൽ പരാമർശിക്കുന്ന അതോറിറ്റി നിയന്ത്രണ മേഖല ആയി വേർതിരിച്ചതോ ആയ പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന മേഖല എന്നർത്ഥമാകുന്നു;

(സി)"പ്രളയ സമതല മാനേജ്മെന്റ്" എന്നാൽ വ്യത്യസ്ത വ്യാപ്തിയിലും ആവൃത്തിയിലും സാധ്യതാ തലങ്ങളിലുമായി പ്രളയ സാധ്യതയുള്ള മേഖലകളും പ്രദേശങ്ങളും നിർണ്ണയിക്കുന്നതും അടയാളപ്പെടുത്തുന്നതും തരംതിരിക്കുന്നതും അത്തരം പ്രദേശങ്ങളിലെ ജനവാസവും മറ്റ് മാനുഷിക ഇടപെടലുകളും നിയന്ത്രിക്കുകവഴി പ്രളയക്കെടുതികൾ കുറയ്ക്കുന്നതിനും ജലാശയങ്ങൾ സംരക്ഷിക്കുന്നതിനുമായി തുടരെയുള്ളതും സമഗ്രവുമായ ആസൂത്രണവും സംഘാടനവും ഏകോപനവും നടപ്പാക്കലും എന്നീ പ്രക്രിയകൾ അടങ്ങുന്ന നടപടി എന്നർത്ഥമാകുന്നു;

(ഡി) ''അതോറിറ്റി'' എന്നാൽ ഈ ആക്റ്റിലെ 3-ാം വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള കേരള പ്രളയ സമതല മാനേജ്മെന്റ് അതോറിറ്റി എന്നർത്ഥമാകുന്നു;

(ഇ) "സംസ്ഥാന അതോറിറ്റി" എന്നാൽ ഈ ആക്റ്റിലെ 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള സംസ്ഥാന പ്രളയ സമതല മാനേജ്മെന്റ് അതോറിറ്റി എന്നർത്ഥമാകുന്നു;

(എഫ്) "സംസ്ഥാന കാര്യനിർവ്വാഹക സമിതി" എന്നാൽ ഈ ആക്റ്റിലെ 14-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള സംസ്ഥാന അതോറിറ്റിയുടെ കാര്യനിർവ്വാഹക സമിതി എന്നർത്ഥമാകുന്നു;

(ജി) "ജില്ലാ അതോറിറ്റി" എന്നാൽ ഈ ആക്റ്റിലെ 15-ാം വകുപ്പ് (1)-ാം ഉപ വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള ജില്ലാ പ്രളയ സമതല മാനേജ്മെന്റ് അതോറിറ്റി എന്നർത്ഥമാകുന്നു;

(എച്ച്) "പ്രളയ ലഘൂകരണം" എന്നാൽ പ്രളയ സാഹചര്യത്തിലെ അപകടമോ അതുമൂലമുള്ള ആഘാതമോ പ്രഭാവമോ ഭീഷണിയോ കുറയ്ക്കുന്നതിനുള്ള നടപടി എന്നർത്ഥമാകുന്നു;



(ഐ) ''നിർണ്ണയിക്കപ്പെട്ട'' എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ജെ) "നദി" എന്നാൽ ഒരു നദിയും അതിന്റെ കൈവഴികളും ഉൾപ്പെടുന്നത് എന്നർത്ഥമാകുന്നു;

(കെ) "ജലപാത" എന്നാൽ ഒരു ജലാശയം ഒഴുകുന്ന പാത എന്നർത്ഥമാകുന്നു;

(എൽ) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(എം) "സംസ്ഥാനം" എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നു;

(എൻ) ''വിജ്ഞാപനം'' എന്നാൽ ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയ ചട്ടങ്ങളനുസരിച്ച് കേരള സർക്കാർ പുറപ്പെടുവിക്കുന്ന വിജ്ഞാപനം എന്നർത്ഥമാകുന്നു.

## അദ്ധ്യായം 2

## അതോറിറ്റിയുടെ രൂപീകരണം

3. അതോറിറ്റിയുടെ രൂപീകരണം.—(1) സർക്കാർ, ഗസറ്റ് വിജ്ഞാപനം വഴി, ഈ ആക്റ്റിൻകീഴിൽ അതിന് നൽകിയിട്ടുള്ള അധികാരങ്ങൾ വിനിയോഗിക്കുന്നതിനും ചുമതലകൾ നിർവ്വഹിക്കുന്നതിനുമായി കേരള പ്രളയ സമതല മാനേജ്മെന്റ് അതോറിറ്റി എന്ന പേരിൽ ഒരു അതോറിറ്റി രൂപീകരിക്കേണ്ടതാണ്.

(2) അതോറിറ്റി ശാശ്വത പിൻതുടർച്ചാവകാശത്തോടും പൊതുമുദ്രയോടും കൂടിയതും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി കരാറുകളിൽ ഏർപ്പെടുന്നതിനും സ്ഥാവരജംഗമ സ്വത്തുക്കൾ ആർജ്ജിക്കുവാനും കൈവശം വയ്ക്കുവാനും കൈയൊഴിയുവാനുമുള്ള അധികാരത്തോടു കൂടിയതുമായ മേൽ പ്രസ്താവിച്ച പേരിലുള്ള ഒരു ഏകാംഗീകൃത നികായമായിരിക്കുന്നതും പ്രസ്തുത പേരിൽ വ്യവഹരിക്കപ്പെടുകയും ചെയ്യേണ്ടതുമാകുന്നു.

(3) അതോറിറ്റിയുടെ ആസ്ഥാനം തിരുവനന്തപുരം ആയിരിക്കുന്നതാണ്.

4. അതോറിറ്റിയുടെ ഘടന.—(1) പ്രളയ സമതല മാനേജ്മെന്റ് അതോറിറ്റിയിൽ ഇതിനുശേഷം വ്യവസ്ഥ ചെയ്യുന്ന പ്രകാരം താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(എ) ജലവിഭവ വകുപ്പുമന്ത്രി, അദ്ദേഹം അതോറിറ്റിയുടെ ചെയർമാനായിരിക്കുന്നതാണ്;

(ബി)റവന്യൂ വകുപ്പുമന്ത്രി, അദ്ദേഹം അതോറിറ്റിയുടെ വൈസ്-ചെയർമാനായിരിക്കുന്നതാണ്;

(സി) സംസ്ഥാന ചീഫ് സെക്രട്ടറി;

(ഡി) ജലവിഭവ വകുപ്പ് സെക്രട്ടറി, അദ്ദേഹം അതോറിറ്റിയുടെ മുഖ്യ കാര്യനിർവ്വഹണ ഉദ്യോഗസ്ഥൻ ആയിരിക്കുന്നതാണ്;

(ഇ) റവന്യൂ വകുപ്പ് സക്രട്ടറി;

(എഫ്) ഊർജ്ജ വകുപ്പ് സെക്രട്ടറി ;

(ജി) വനം വകുപ്പ് സെക്രട്ടറി ;

(എച്ച്) ചീഫ് എഞ്ചിനീയർ തലത്തിലുള്ള സെൻട്രൽ വാട്ടർ കമ്മീഷനിലെ ഒരു ഉദ്യോഗസ്ഥൻ;

(ഐ) കേരളാ സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി ആന്റ് എൻവയോൺമെന്റ് (KSCSTE)-ന്റെ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ;

(ജെ)ചീഫ് എഞ്ചിനീയർ, ജലവിഭവ വകുപ്പ് (ഐ & എ).

(2) ചെയർപേഴ്സണെയും അംഗങ്ങളെയും ഔദ്യോഗിക ഗസറ്റ് വിജ്ഞാപനം മുഖേന നിയമിക്കേണ്ടതാണ്.

5. പ്രത്യേക ആവശ്യത്തിനുവേണ്ടി വിദഗ്ദ്ധരെ താൽക്കാലികമായി സഹകരിപ്പിക്കൽ.—(1) അതോറിറ്റിക്ക് ഏതെങ്കിലും പ്രത്യേക ആവശ്യത്തിന് ബന്ധപ്പെട്ട മേഖലയിലെ ഏതെങ്കിലും സാങ്കേതിക വിദഗ്ദ്ധരുടെ സഹായമോ ഉപദേശമോ ആവശ്യമാണെന്ന് തോന്നുന്നപക്ഷം, ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കാവുന്ന റെഗുലേഷനുകളിൽ വ്യവസ്ഥ ചെയ്യാവുന്ന പ്രകാരം, പ്രസ്തുത വിദഗ്ദ്ധരെ സഹകരിപ്പിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം ഏതെങ്കിലും ആവശ്യത്തിന് അതോറിറ്റിയുമായി സഹകരിച്ച് പ്രവർത്തിക്കുന്ന ഒരാൾക്ക് പ്രസ്തുത ആവശ്യവുമായി ബന്ധപ്പെട്ട അതോറിറ്റിയുടെ ചർച്ചകളിൽ പങ്കെടുക്കുന്നതിന് അവകാശമുണ്ടായിരിക്കുന്നതാണ്;

എന്നാൽ, അതോറിറ്റിയുടെ യോഗത്തിൽ വോട്ട് ചെയ്യുന്നതിനുള്ള അവകാശം ഉണ്ടായിരിക്കുന്നതല്ല.

6. ഔദ്യോഗിക കാലാവധി.—4-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം അംഗങ്ങളാകുന്നവരുടെ കാലാവധി, അവർ അപ്രകാരമുള്ള ഔദ്യോഗിക സ്ഥാനം വഹിക്കുന്ന കാലത്തോളം ആയിരിക്കുന്നതാണ്.

7. അതോറിറ്റിയിലെ അംഗത്വത്തിനുള്ള അയോഗ്യതകൾ.—സർക്കാരിന്, നാമനിർദ്ദേശം ചെയ്യപ്പെട്ട ഏതൊരംഗത്തേയും,—

(എ) അയാൾക്ക്, ബുദ്ധിസ്ഥിരതയില്ലാത്തതായി അധികാരികതയുള്ള കോടതിയാൽ വിധിക്കപ്പെടുകയോ;

(ബി) അയാൾ ഒരു അവിമുക്ത നിർദ്ധനനായി അധികാരികതയുള്ള കോടതിയാൽ വിധിക്കപ്പെടുകയോ;



(സി) അയാൾക്ക് ശാരീരികമോ മാനസികമോ ആയ വൈകല്യത്താൽ അപ്രകാരം തുടരാൻ കഴിവില്ലാതെ വരികയോ;

(ഡി) സർക്കാരിന്റെ അഭിപ്രായത്തിൽ സദാചാര വിരുദ്ധമായതോ സാമ്പത്തിക ക്രമക്കേടുകൾ ഉൾപ്പെടെയുള്ളതോ ആയ കുറ്റകൃത്യത്തിന് അയാൾ ശിക്ഷിക്കപ്പെടുകയോ ചെയ്താൽ, അംഗത്വത്തിൽ നിന്ന് നീക്കംചെയ്യാവുന്നതാണ്.

8. അംഗത്വം രാജിവയ്ക്കുന്നത്.—അതോറിറ്റിയുടെ ചെയർമാന് ലിഖിതമായ നോട്ടീസ് നൽകിക്കൊണ്ട് ഏതൊരംഗത്തിനും അതോറിറ്റിയിൽ നിന്നും രാജിവയ്ക്കാവുന്നതും എന്നാൽ രാജി സ്വീകരിക്കുന്നതുവരെ തൽസ്ഥാനത്ത് തുടരാവുന്നതുമാണ്.

9. സംസ്ഥാന അതോറിറ്റിയുടെ യോഗങ്ങൾ.—(1) റെഗുലേഷനുകളിൽ വ്യവസ്ഥ ചെയ്യാവുന്ന പ്രകാരമുള്ള സ്ഥലത്തും സമയത്തും, അതോറിറ്റി യോഗം ചേരേണ്ടതും അതിന്റെ യോഗങ്ങളിൽ കാര്യനിർവ്വഹണം സംബന്ധിച്ച് അപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതുമാണ്.

(2) സംസ്ഥാന അതോറിറ്റിയുടെ യോഗങ്ങളിലെല്ലാം ചെയർമാൻ അദ്ധ്യക്ഷത വഹിക്കേണ്ടതാണ്.

(3) ഏതെങ്കിലും കാരണത്താൽ ചെയർമാന് യോഗത്തിൽ പങ്കെടുക്കാൻ സാധിക്കാത്തപക്ഷം വൈസ്-ചെയർമാനോ ടിയാളുടെ അഭാവത്തിൽ യോഗത്തിൽ ഹാജരായിട്ടുള്ളവരിൽനിന്ന് ഒരാളോ അദ്ധ്യക്ഷത വഹിക്കേണ്ടതാണ്.

(4)അതോറിറ്റി യോഗത്തിന്റെ ക്വാറം ചെയർപേഴ്സൺ ഉൾപ്പെടെ ആകെ അംഗങ്ങളുടെ മൂന്നിലൊന്ന് ആയിരിക്കുന്നതാണ്.

(5) സംസ്ഥാന അതോറിറ്റി അംഗങ്ങൾക്ക് സർക്കാർ നിർണ്ണയിക്കുന്ന നിരക്കിൽ ആനുകൂല്യങ്ങൾ നൽകാവുന്നതാണ്.

10. ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനുള്ള അധികാരം.—അതോറിറ്റിക്ക് സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി അതിന്റെ ചുമതലകളും കർത്തവ്യങ്ങളും കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് അതിന് ആവശ്യമെന്ന് തോന്നുന്ന അങ്ങനെയുള്ള ജീവനക്കാരെ ദിവസവേതനാടിസ്ഥാനത്തിൽ നേരിട്ടോ സംസ്ഥാന സർക്കാർ സർവ്വീസിൽനിന്നും അന്യത്രസേവനവ്യവസ്ഥയിലോ നിയമിക്കാവുന്നതാണ്.

## അദ്ധ്യായം 3

## അതോറിറ്റിയുടെ ചുമതലകളും അധികാരങ്ങളും

11. ചുമതലകൾ.—ഈ ആക്റ്റിലെ 3-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെടുന്ന അതോറിറ്റിയുടെ ചുമതലകൾ താഴെപ്പറയും പ്രകാരമായിരിക്കുന്നതാണ്, അതായത്:—

(1) പ്രളയ സമതലങ്ങളുടെ സർവ്വേ നടത്തുന്നതും അതുമായി ബന്ധപ്പെട്ട് മറ്റ് വിവരശേഖരണവും സമതലങ്ങളുടെ പ്രത്യേകതകൾ കണ്ടെത്തുന്നതും അവയുടെ അതിർത്തി നിർണ്ണയിക്കുന്നതും ജലപാതയിലെ തടസ്സങ്ങൾ ഒഴിവാക്കുന്നതും;

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള സർവ്വേയുടെ അടിസ്ഥാനത്തിൽ ഭൂവിനിയോഗവുമായി ബന്ധപ്പെട്ട ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുകയും ജലാശയങ്ങൾ സംരക്ഷിക്കുകയും ചെയ്യുക എന്നീ ഉദ്ദേശ്യങ്ങളോടുകൂടി പ്രളയ സമതല മേഖലകൾ ഉൾപ്പെടുന്നതും വെള്ളപ്പൊക്കമുണ്ടാകുന്നതുമായ കരപ്രദേശങ്ങൾ തരം തിരിക്കുക;

(3) (2)-ാം ഉപവകുപ്പ് പ്രകാരം നിർണ്ണയിക്കപ്പെട്ടിട്ടുള്ള പ്രദേശങ്ങൾ വ്യക്തമാക്കുന്ന ചാർട്ടുകളും രജിസ്റ്ററുകളും തയ്യാറാക്കുക;

(4) പ്രളയ ലഘൂകരണത്തിനുള്ള നയങ്ങളും പദ്ധതികളും ആവിഷ്ക്കരിക്കുക;

(5) പ്രളയ ലഘൂകരണത്തിനും അതിനെ നേരിടുന്നതിന് വേണ്ട മുന്നൊരുക്കങ്ങൾ നടത്തുന്നതിന് വിവിധ വകുപ്പുകൾ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ചും മാർഗ്ഗനിർദ്ദേശം നൽകുക;

(6) പ്രളയ നിവാരണ വ്യവസ്ഥകൾ വിഭാവനം ചെയ്യുക;

(7) പ്രളയ സാധ്യതാ മേഖലകളിൽ പ്രളയം നിയന്ത്രിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും വേണ്ട മാസ്റ്റർപ്ലാൻ ആവിഷ്ക്കരിക്കുക;

(8) പ്രളയ പ്രവചന കേന്ദ്രങ്ങളുടെ അഭാവം/കുറവ് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുക;

(9) സംസ്ഥാന ജല നയത്തിൽ പ്രളയ നിയന്ത്രണ നടപടി ഘടകങ്ങൾ കൂടി ഉൾപ്പെടുത്തുന്നതിന് ആവശ്യമായ ശിപാർശകൾ സർക്കാരിന് സമർപ്പിക്കുക;

(10) പ്രളയ മുന്നറിയിപ്പ് സംവിധാനം വികസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുക;

(11) ജലവിഭവ വിവര സംവിധാനം മെച്ചപ്പെടുത്തുന്നതിനും തുടരെയുള്ള മേൽനോട്ടം നടത്തുന്നതിനും നടപടി സ്വീകരിക്കുക;

(12) അഴിമുഖങ്ങളുടെ പരിപാലനം നടത്തുന്നതിന് നടപടി സ്വീകരിക്കുക;

(13) പ്രളയവുമായി ബന്ധപ്പെട്ട് അടിയന്തര സാഹചര്യങ്ങൾ നേരിടുന്നതിനും ഒഴിപ്പിക്കൽ നടപടികൾ ആസൂത്രണം ചെയ്യുന്നതിനുമുള്ള പദ്ധതികൾ തയ്യാറാക്കുക;

(14) ജില്ലയിലെ നദീതടങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന റെയിൻഗേജുകളുടെ പര്യാപ്തത വിലയിരുത്തുക;

(15) അണക്കെട്ടുകൾ സ്ഥിതിചെയ്യുന്നിടങ്ങളിൽ ഫ്ളെഡ് കുഷൻ സൗകര്യം ഉറപ്പുവരുത്തുകയും മോണിറ്ററിംഗ് നടത്തുകയും ചെയ്യുക;

(16) അണക്കെട്ടുകൾക്ക് പ്രവർത്തന മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തുകയും മോണിറ്ററിംഗ് നടത്തുകയും ചെയ്യുക;

(17) ഏതൊരു നദീ-അധിഷ്ഠിത പദ്ധതിയുടെയും അടിസ്ഥാനമാകേണ്ടതിന് സംസ്ഥാനത്തെ പ്രധാന നദികൾക്കായി മാസ്റ്റർ പ്ലാൻ തയ്യാറാക്കുക.



12. അതോറിറ്റിയുടെ പൊതുവായ അധികാരങ്ങൾ.—(1) ഈ ആക്റ്റിൻകീഴിലുള്ള അതിന്റെ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനായി അതോറിറ്റിക്കോ അതോറിറ്റി ചുമതലപ്പെടുത്തിയിട്ടുള്ള ആളിനോ താഴെപ്പറയുന്ന അധികാരമുണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) പ്രളയസാധ്യതയുള്ള ഏതെങ്കിലും കരപ്രദേശത്തിൽ പ്രവേശിക്കുന്നതിനും സർവ്വേ നടത്തുന്നതിനും ഉയർച്ച താഴ്ചകൾ കണക്കാക്കുന്നതിനും അതുമായി ബന്ധപ്പെട്ട മറ്റ് വിവരശേഖരണത്തിനും;

(ബി) അപ്രകാരമുള്ള ഉയർച്ച താഴ്ചകൾ, അതിർത്തികൾ എന്നിവ കാണിക്കുന്ന അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്നതിനും അടയാളപ്പെടുത്തുന്നതിനും;

(സി) അപ്രകാരമുള്ള അതിർത്തികൾ നിർണ്ണയിക്കുന്നതിന് ആവശ്യമായ മറ്റെല്ലാ നടപടികളും സ്വീകരിക്കുന്നതിന്;

(ഡി) പ്രളയ സമതലങ്ങൾ അളന്ന് തിട്ടപ്പെടുത്തുന്നതിന്;

(ഇ) ഏതെങ്കിലും പ്രദേശത്തെ മരങ്ങൾ മുറിക്കാതെയോ വിളകളോ വേലിയോ വനപ്രദേശമോ വെട്ടിത്തെളിക്കാതെയോ സർവ്വേ പൂർത്തീകരിക്കാനും ഉയർച്ച താഴ്ചകൾ കണ്ടെത്താനും സാധിക്കാതെ വരുന്നപക്ഷം അപ്രകാരം ചെയ്യുന്നതിന്:

എന്നാൽ ഒരു താമസ സ്ഥലത്തുള്ള മരങ്ങൾ മുറിക്കുന്നതിനോ വിളകൾ, വേലികൾ എന്നിവ നീക്കം ചെയ്യുന്നതിനോ പ്രസ്തുത സ്ഥലത്തെ താമസക്കാരന് ഏഴ് ദിവസം മുൻപ് രേഖാമൂലം അറിയിപ്പ് നൽകാത്തപക്ഷം അപ്രകാരമുള്ള കെട്ടിടത്തിൽ പ്രവേശിക്കുന്നതിനോ ഏതെങ്കിലും കെട്ടിയടയ്ക്കപ്പെട്ട സ്ഥലമോ താമസസ്ഥലത്തോട് ചേർന്ന തോട്ടമോ തുറക്കുന്നതിനോ യാതൊരു ഉദ്യോഗസ്ഥനോ അതോറിറ്റിക്കോ അധികാരം ഇല്ലാത്തതാകുന്നു;

(എഫ്) സർവ്വേയുമായി ബന്ധപ്പെട്ട് അതോറിറ്റിയോ അല്ലെങ്കിൽ ഏതെങ്കിലും ഉദ്യോഗസ്ഥനെ പൊതുവായോ പ്രത്യേകമായോ ഇക്കാര്യത്തിൽ നിയോഗിക്കുകയും ഏതെങ്കിലും പ്രദേശത്ത് പ്രവേശിക്കുകയും ചെയ്ത് ആ പ്രദേശത്തിന് അതുമൂലമുണ്ടായ നാശനഷ്ടങ്ങൾക്ക് ആ സ്ഥലം വിട്ടുപോകുന്നതിന് മുൻപ് മതിയായ നഷ്ടപരിഹാര തുക ഉടമസ്ഥനോ കൈവശക്കാരനോ നൽകേണ്ടതാണ്. നഷ്ടപരിഹാരത്തുകയിൽ തർക്കമുണ്ടാകുന്നപക്ഷം അക്കാര്യം അതോറിറ്റിയുടെ തീരുമാനത്തിനായി അറിയിക്കേണ്ടതാണ്;

(ജി) ഉപവകുപ്പ് (1)(എഫ്) പ്രകാരം അതോറിറ്റിയുടേയോ നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥന്റെയോ തീരുമാനം അന്തിമമായിരിക്കുന്നതും ഏതെങ്കിലും സിവിൽ കോടതിയിൽ ഇക്കാര്യത്തിൽ ബന്ധപ്പെട്ട കക്ഷികൾക്ക് വ്യവഹാരങ്ങളുമായി സമീപിക്കാൻ അധികാരമില്ലാത്തതുമാകുന്നു.

(2) അതോറിറ്റിയുടെയോ അതോറിറ്റി അംഗീകരിച്ചതോ ആയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചട്ടപ്രകാരം പ്രളയസമതല മേഖലകളിലെ ഭൂവിനിയോഗം തടയുകയോ നിയന്ത്രിക്കുകയോ ചെയ്തുകൊണ്ട് അപ്രകാരമുള്ള സ്ഥലങ്ങളെ വേർതിരിക്കുന്നതിനുള്ള ഉദ്ദേശ്യത്തോടെ ഒരു ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കാവുന്നതാണ്.

(3) അപ്രകാരമുള്ള വിജ്ഞാപനം വന്നതിനുശേഷം വിജ്ഞാപനത്തിലെ വിവരങ്ങൾ പൊതുജന ശ്രദ്ധയിലേയ്ക്ക് കൊണ്ടുവരുന്നതിന് പ്രസ്തുത പ്രദേശങ്ങളിലെ സൗകര്യപ്രദമായ സ്ഥലങ്ങളിൽ നോട്ടീസുകൾ പതിക്കേണ്ടതാണ്.

(4) പ്രസ്തുത പ്രദേശങ്ങളിലെ ഭൂവുടമകൾക്ക് അഥവാ കൈവശക്കാർക്ക് വ്യക്തിപരമായി അപ്രകാരമുള്ള നോട്ടീസ് നൽകേണ്ടതാണ്.

(5) പ്രളയസമതലത്തിന്റെ ഉപയോഗം സംബന്ധിച്ച നിരോധനം, നിയന്ത്രണം എന്നിവ വ്യക്തമാക്കിക്കൊണ്ടുള്ള നദിയുടെ നിർഗ്ഗമനപാത, പ്രളയ ജലപാത, പ്രളയ സമതല പ്രദേശം എന്നിവയുടെ റിക്കാർഡുകൾ, ചാർട്ടുകൾ, മാപ്പുകൾ, രജിസ്റ്ററുകൾ, മറ്റ് അനുബന്ധ രേഖകൾ പൊതുജനങ്ങൾക്ക് നിശ്ചിത സമയത്ത് പരിശോധിക്കുന്നതിനായി അതോറിറ്റി ഓഫീസിൽ പ്രദർശിപ്പിക്കേണ്ടതാണ്.

(6) ഉപവകുപ്പ് (2) പ്രകാരമുള്ള വിജ്ഞാപനത്തിൽ വ്യക്തമാക്കിയിട്ടുള്ള അതിർത്തി നിർണ്ണയം, നിരോധനം അഥവാ നിയന്ത്രണം എന്നിവയിന്മേൽ ഏതെങ്കിലും ഒരു വ്യക്തിക്ക് ആക്ഷേപം ഉള്ളപക്ഷം, ആയത് പ്രസ്തുത വിജ്ഞാപനം പുറപ്പെടുവിച്ച തീയതി മുതൽ അറുപത് ദിവസത്തിനകം രേഖാമൂലം അതോറിറ്റിക്ക് നൽകേണ്ടതാണ്.

(7) മേൽ പ്രസ്താവിച്ച കാലാവധി കഴിഞ്ഞ് നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഒരു നോട്ടീസ് നൽകിക്കൊണ്ട് പരാതിക്കാരനെ കേൾക്കുന്നതിന് മതിയായ അവസരം അതോറിറ്റി ടിയാൾക്ക് നൽകേണ്ടതാണ്.

(8) 6-ാം ഉപവകുപ്പ് പ്രകാരമുള്ള പരാതിയിന്മേൽ 5-ാം ഉപവകുപ്പ് പ്രകാരമുള്ള മതിയായ രേഖകളും അതോറിറ്റിയുടെ നിർദ്ദേശങ്ങളും സർക്കാരിന് അതോറിറ്റി അയച്ച് കൊടുക്കേണ്ടതാണ്.

(9) അതോറിറ്റിയുടെ റിപ്പോർട്ടും പരാതിക്കാരന്റെ എതിരഭിപ്രായങ്ങളും പരിഗണിച്ചശേഷം സർക്കാരിന് ബോധ്യപ്പെടുന്നപക്ഷം അതിർത്തികളുടെ മാറ്റങ്ങൾ പരിഗണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുകയോ നിർദ്ദേശം തള്ളിക്കളയുകയോ ചെയ്യാവുന്നതാണ്.

(10) അപ്രകാരമുള്ള സർക്കാർ തീരുമാനങ്ങൾ അന്തിമമായിരിക്കുന്നതാണ്.

(11) സർക്കാർ ഗസറ്റ് നോട്ടിഫിക്കേഷൻ മുഖേന ഈ ആക്റ്റ് പ്രകാരമുള്ള വ്യവസ്ഥകൾ പരാമർശിത ജലാശയത്തിനും അതിന്റെ നിർണ്ണയിക്കപ്പെട്ട അതിർത്തിയോടും പരിധിയോടും കൂടെ ബാധകമാകുന്നതാണെന്ന് പ്രഖ്യാപിക്കേണ്ടതാണ്.



(12) പ്രളയസമതലങ്ങളായി വേർതിരിച്ചിട്ടുള്ളതും അംഗീകരിച്ചിട്ടുള്ളതുമായ സ്ഥലങ്ങൾ പ്രളയ സമതല പ്രദേശങ്ങളായി കരുതപ്പെടേണ്ടതും അവയുടെ പരിധികൾ ആവശ്യമാകുന്നപക്ഷം അതിർത്തിക്കല്ലുകൾ കൊണ്ടോ മറ്റ് ഏതെങ്കിലും മാർഗ്ഗങ്ങൾ മുഖേനയോ അടയാളപ്പെടുത്തേണ്ടതുമാണ്.

(13) അതോറിറ്റി അപ്രകാരം വേർതിരിക്കപ്പെട്ട സ്ഥലങ്ങളെ സംബന്ധിച്ച ചാർട്ടുകളും രജിസ്റ്ററുകളും സൂക്ഷിക്കേണ്ടതും അപ്രകാരമുള്ള ചാർട്ടുകളും രജിസ്റ്ററുകളും സ്ഥിരമായ റെക്കോർഡുകളായി സൂക്ഷിക്കേണ്ടതുമാണ്.

(14) സംസ്ഥാന അതോറിറ്റിക്ക് അതിന് ആവശ്യമെന്ന് കരുതുന്ന എല്ലാ വിവരവും അതോറിറ്റി ആവശ്യപ്പെടുന്ന രീതിയിലും സമയത്തും സംസ്ഥാനത്തെ റവന്യൂ, ജലവിഭവം, ഊർജ്ജം, വനം തുടങ്ങിയ വകുപ്പുകളിൽ നിന്നോ ഇതുമായി ബന്ധപ്പെട്ട മറ്റ് സർക്കാർ വകുപ്പുകളിൽനിന്നോ അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നോ മറ്റ് ഏജൻസികളിൽനിന്നോ ലഭ്യമാക്കണമെന്ന് അതോറിറ്റി ആവശ്യപ്പെടുന്ന പക്ഷം അപ്രകാരമുള്ള വിവരം ആ വകുപ്പുകളിൽനിന്നോ സ്ഥാപനങ്ങളിൽ നിന്നോ ഏജൻസികളിൽനിന്നോ അപ്രകാരമുള്ള രീതിയിലും സമയത്തും സൗജന്യമായി ലഭിക്കുവാൻ അതോറിറ്റിയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

13. തടസ്സങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം.—(1) അതോറിറ്റിക്ക് ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി ഒരു സ്ഥലത്തിന്റെ ഉടമസ്ഥനോടോ കൈവശക്കാരനോടോ അത് നിശ്ചയിയ്ക്കുന്ന സമയത്തിനുള്ളിൽ ഏതെങ്കിലും നടപടി സ്വീകരിക്കുന്നതിനോ അനധികൃതമായ ഏതെങ്കിലും തടസ്സം നീക്കം ചെയ്യുന്നതിനോ ആവശ്യപ്പെടാവുന്നതാണ്.

(2) അതോറിറ്റിയുടെ അപ്രകാരമുള്ള ആവശ്യം (1)-ാം ഉപവകുപ്പ് പ്രകാരം നിശ്ചയിച്ച സമയത്തിനുള്ളിൽ നിർവ്വഹിക്കാതെയിരിക്കുന്നതായാൽ അതോറിറ്റിക്ക് അപ്രകാരമുള്ള നടപടി കൈക്കൊള്ളുന്നതിനോ തടസ്സം നീക്കം ചെയ്യുന്നതിനോ സാധിക്കുന്നതാണ്.

(3) (2)--ാം ഉപവകുപ്പ് പ്രകാരമുള്ള നടപടി സ്വീകരിച്ചതുവഴി അതോറിറ്റിയ്ക്കുണ്ടായ ചെലവുകൾ അപ്രകാരമുള്ള സ്ഥലമുടമസ്ഥനിൽ നിന്നോ കൈവശക്കാരനിൽ നിന്നോ ഭൂമിയിന്മേലുള്ള പൊതുനികുതിയെന്നപോലെ ഈടാക്കാവുന്നതാണ്.

## അദ്ധ്യായം 4

## സംസ്ഥാന കാര്യനിർവ്വാഹക സമിതി

14. സംസ്ഥാന കാര്യനിർവ്വാഹക സമിതി.—(1) അതോറിറ്റിക്ക് താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയിട്ടുള്ള ഒരു സംസ്ഥാന കാര്യനിർവ്വാഹക സമിതി ഉണ്ടായിരിക്കേണ്ടതാണ്, അതായത്,—

(എ) ചീഫ് സെക്രട്ടറി, അദ്ദേഹം സംസ്ഥാന കാര്യനിർവ്വാഹക സമിതിയുടെ ചെയർമാൻ ആയിരിക്കുന്നതാണ്;

(ബി) ചീഫ് എഞ്ചിനീയർ, ജലവിഭവ വകുപ്പ് (IDRB), അദ്ദേഹം സംസ്ഥാന കാര്യനിർവ്വാഹക സമിതിയുടെ വൈസ്-ചെയർമാൻ ആയിരിക്കുന്നതാണ്;

(സി) ലാന്റ് റവന്യൂ കമ്മീഷണർ;

(ഡി) സർവ്വേ ഡയറക്ടർ;

(ഇ) ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് ആന്റ് ഹെഡ് ഓഫ് ഫോറസ്റ്റ്സ്;

(എഫ്) പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടർ.

(2) ജലവിഭവ രംഗത്തും ഡാമുകളുടെ മാനേജ്മെന്റിലും സംരക്ഷണ പ്രവർത്തനങ്ങളിലും സംസ്ഥാനത്തിന്റെ ഹൈഡ്രോളജി സംബന്ധമായ വിഷയങ്ങളിലും സാങ്കേതിക പരിജ്ഞാനമുള്ളതും ചീഫ് എഞ്ചിനീയർ പദവിയിൽ കുറയാത്ത പ്രവർത്തി പരിചയവുമുള്ള ഒരാൾ, സംസ്ഥാന കാര്യനിർവ്വാഹക സമിതിയുടെ മെമ്പർ സെക്രട്ടറി ആയിരിക്കുന്നതാണ്.

(3) അതോറിറ്റിയുടെ തീരുമാനങ്ങൾ നടപ്പാക്കുന്നതിന്റെ ചുമതല കാര്യനിർവ്വാഹക സമിതിക്ക് ആയിരിക്കുന്നതാണ്.

(4) സംസ്ഥാന കാര്യനിർവ്വാഹക സമിതിയുടെ യോഗങ്ങളിൽ ചെയർമാൻ അദ്ധ്യക്ഷത വഹിക്കേണ്ടതാണ്;

എന്നാൽ ഏതെങ്കിലും യോഗത്തിൽ ചെയർമാന് പങ്കെടുക്കുവാൻ സാധിക്കാത്തപക്ഷം ആ യോഗത്തിന്റെ അദ്ധ്യക്ഷനെ ചെയർമാൻ നിർദേശിക്കേണ്ടതാണ്.

(5) ചെയർമാൻ സംസ്ഥാന കാര്യനിർവ്വാഹക സമിതിയുടെ യോഗത്തിന്റെ തീയതി, സമയം, സ്ഥലം എന്നിവ നിശ്ചയിക്കേണ്ടതാണ്.

(6) സംസ്ഥാന കാര്യനിർവ്വാഹക സമിതി ആവശ്യമുള്ളപ്പോഴെല്ലാം യോഗം ചേരേണ്ടതും എന്നാൽ മൂന്നു മാസത്തിലൊരിക്കലെങ്കിലും യോഗം കൂടിയിരിക്കേണ്ടതുമാണ്.

(7) സംസ്ഥാന കാര്യനിർവ്വാഹക സമിതിയുടെ എല്ലാ യോഗനടപടി കുറിപ്പും സംസ്ഥാന അതോറിറ്റിക്ക് അയച്ചുകൊടുക്കേണ്ടതാണ്.

(8) സംസ്ഥാന കാര്യനിർവ്വാഹക സമിതി, സംസ്ഥാന അതോറിറ്റി ചുമത്തിയേക്കാവുന്ന നിയന്ത്രണങ്ങൾക്കും വ്യവസ്ഥകൾക്കും പരിമിതികൾക്കും വിധേയമായി അതോറിറ്റി അതിന് റെഗുലേഷനുകളാൽ ഏൽപ്പിച്ചുകൊടുത്തേയ്ക്കാവുന്ന പ്രകാരമുള്ള അധികാരങ്ങൾ വിനിയോഗിക്കേണ്ടതും അങ്ങനെയുള്ള ചുമതലകളും കർത്തവ്യങ്ങളും നിർവ്വഹിക്കേണ്ടതുമാണ്.



## അദ്ധ്യായം 5

## ജില്ലാ പ്രളയ സമതല മാനേജ്മെന്റ് അതോറിറ്റി

15. ജില്ലാ പ്രളയ സമതല മാനേജ്മെന്റ് അതോറിറ്റി.—(1) സർക്കാർ, 3-ാം വകുപ്പിലെ (1)-ാം ഉപവകുപ്പ് പ്രകാരമുള്ള വിജ്ഞാപനം പുറപ്പെടുവിച്ചശേഷം കഴിയുന്നതുംവേഗം ജില്ലാ പ്രളയ സമതല മാനേജ്മെന്റ് അതോറിറ്റി എന്ന പേരിൽ വിജ്ഞാപനത്തിൽ നിശ്ചയിച്ച പ്രകാരം സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ജില്ലാ അതോറിറ്റി രൂപീകരിക്കേണ്ടതാണ്.

(2) ജില്ലാ അതോറിറ്റിയിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(i) ജില്ലാ കളക്ടർ - ചെയർപേഴ്സൺ;

(ii) ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് - കോ-ചെയർപേഴ്സൺ;

(iii)പ്രദേശത്തെ ചുമതലയുള്ള ജലവിഭവ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ-അംഗം;

(iv) ജില്ലാ പ്ലാനിംഗ് ഓഫീസർ-അംഗം;

(v) സർക്കാർ നിയമിക്കുന്ന രണ്ട് ജില്ലാതല ഉദ്യോഗസ്ഥർ-അംഗം;

(vi) പ്രദേശത്തെ ഗ്രാമപഞ്ചായത്ത്/മുൻസിപ്പാലിറ്റി/മുൻസിപ്പൽ കോർപ്പറേഷൻ വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ-അംഗം.

(3) ജില്ലയിലെ ഡെപ്യൂട്ടി കളക്ടർ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ ജില്ലാ അതോറിറ്റിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായിരിക്കുന്നതാണ്.

(4) (2)-ാം ഉപവകുപ്പിലെ (ii), (vi) എന്നീ ഇനങ്ങൾ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സ്ഥാനം വഹിക്കുന്നതുവഴി അംഗങ്ങളാകുന്നവരുടെ കാലാവധി, അവർ അപ്രകാരമുള്ള സ്ഥാനം വഹിക്കുന്ന കാലത്തോളം ആയിരിക്കുന്നതാണ്.

(5) (2)-ാം ഉപവകുപ്പിലെ (i), (iii), (iv), (v) എന്നീ ഇനങ്ങൾ പ്രകാരം ഔദ്യോഗിക സ്ഥാനം വഹിക്കുന്നതുവഴി അംഗങ്ങളാകുന്നവരുടെ കാലാവധി, അവർ അത്തരത്തിലുള്ള ഔദ്യോഗിക സ്ഥാനം വഹിക്കുന്ന കാലത്തോളം ആയിരിക്കുന്നതാണ്.

16. ജില്ലാ അതോറിറ്റിയുടെ യോഗം.—(1) ജില്ലാ അതോറിറ്റി, റെഗുലേഷനുകളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള അങ്ങനെയുള്ള സമയങ്ങളിലും സ്ഥലങ്ങളിലും യോഗങ്ങൾ നടത്തേണ്ടതും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, അതിന്റെ യോഗങ്ങളിലെ കാര്യങ്ങളുടെ നടത്തിപ്പ് സംബന്ധിച്ച് അങ്ങനെയുള്ള നടപടിക്രമം അനുവർത്തിക്കേണ്ടതുമാണ്.

(2) ജില്ലാ അതോറിറ്റിയുടെ യോഗത്തിൽ ചെയർപേഴ്സണും അദ്ദേഹത്തിന്റെ അഭാവത്തിൽ കോ-ചെയർപേഴ്സണും ഇരുവരുടെയും അഭാവത്തിൽ ഹാജരായവരിൽ നിന്നും അവർ തെരഞ്ഞെടുക്കുന്ന ഒരാളും അദ്ധ്യക്ഷം വഹിക്കേണ്ടതാണ്.

(3) ഒരു യോഗത്തിന്റെ ക്വാറം തികയാൻ ആവശ്യമായ അംഗങ്ങളുടെ എണ്ണം റെഗുലേഷനുകളിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരമായിരിക്കേണ്ടതാണ്.

(4) ജില്ലാ അതോറിറ്റി യോഗത്തിന്റെ പരിഗണനയ്ക്ക് വരുന്ന ഏതൊരു സംഗതിയിലും യോഗത്തിൽ ഹാജരുള്ള അംഗങ്ങളുടെ ഭൂരിപക്ഷ വോട്ട് പ്രകാരം തീരുമാനം എടുക്കേണ്ടതും വോട്ടുകൾ തുല്യമായിരിക്കുന്ന സംഗതിയിൽ യോഗത്തിൽ അദ്ധ്യക്ഷത വഹിക്കുന്ന ചെയർപേഴ്സണോ കോ-ചെയർപേഴ്സണോ അല്ലെങ്കിൽ അംഗത്തിനോ ഒരു കാസ്റ്റിംഗ് വോട്ടവകാശം ഉണ്ടായിരിക്കുന്നതാണ്.

17. ജില്ലാ അതോറിറ്റി അംഗങ്ങൾക്കുള്ള യാത്രാബത്തയും ദിനബത്തയും.—ജില്ലാ അതോറിറ്റി ചെയർമാൻ, കോ-ചെയർമാൻ, അംഗങ്ങൾ എന്നിവരുടെ സിറ്റിംഗ് ഫീസ്, യാത്രാബത്ത തുടങ്ങിയവ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം ആയിരിക്കുന്നതാണ്.

18. ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനം.—(1) സർക്കാരിന് ഈ ആക്റ്റ് പ്രകാരമുള്ള ജില്ലാ അതോറിറ്റിയുടെ അധികാരങ്ങൾ വിനിയോഗിക്കുന്നതിനും കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനും നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള രീതിയിൽ ആവശ്യമെന്ന് കരുതുന്നത്ര ഉദ്യോഗസ്ഥരേയും ജീവനക്കാരേയും നിയമിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനരീതിയും ശമ്പളവും അലവൻസുകളും മറ്റ് സേവന വ്യവസ്ഥകളും സർക്കാർ നിർണ്ണയിക്കുന്ന പ്രകാരമായിരിക്കേണ്ടതാണ്.

അദ്ധ്യായം 6

## ജില്ലാ അതോറിറ്റിയുടെ കർത്തവ്യങ്ങളും ചുമതലകളും

19. ജില്ലാ അതോറിറ്റിയുടെ കർത്തവ്യങ്ങളും ചുമതലകളും.—(1) പ്രളയ സമതല മേഖലകൾ വേർതിരിക്കുന്നതിനും അനുബന്ധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ജില്ലാതലത്തിലുള്ള ആസൂത്രണം, ഏകോപനം, നടപ്പാക്കൽ എന്നിവ സംസ്ഥാന അതോറിറ്റിയുടെ മാർഗ്ഗനിർദ്ദേശ പ്രകാരം ജില്ലാ അതോറിറ്റി നിർവ്വഹിക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പിലെ സാമാന്യ വ്യവസ്ഥയ്ക്ക് വിരുദ്ധമാകാതെ, ജില്ലാ അതോറിറ്റി:—

(i) ജില്ലയിലെ ജലാശയങ്ങൾ കണ്ടെത്തുകയും;

(ii) ജലാശയങ്ങളുടെ ജലപാത നിർണ്ണയം ചെയ്യുകയും;

(iii) കനത്ത മഴമൂലമോ ജലാശയങ്ങളുടെ കവിഞ്ഞൊഴുക്കുമൂലമോ അണക്കെട്ടുകളിൽ നിന്നുള്ള ജലപ്രവാഹം മൂലമോ മറ്റ് കാരണങ്ങളാലോ ജില്ലയിലെ പ്രളയമുണ്ടാകുന്ന പ്രദേശങ്ങൾ സംബന്ധിച്ച് വിവരം ശേഖരിക്കുകയും;

(iv) പ്രളയം ആവർത്തിക്കപ്പെടുന്ന പ്രദേശങ്ങൾ കണ്ടെത്തുകയും;

(v) മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ തുടങ്ങിയവ ഉണ്ടാകുന്നതും ഉണ്ടാകാൻ സാധ്യതയേറിയതും കുറഞ്ഞതുമായ കരപ്രദേശങ്ങൾ കണ്ടെത്തുകയും;



(vi) ജില്ലാതലത്തിൽ പ്രളയ സമതല മേഖല സംബന്ധിച്ച രേഖകൾ തയ്യാറാക്കുകയും;

(vii) ജില്ലയിലെ പ്രളയ സമതല മേഖലകളുടെ സർവ്വേ നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുകയും;

(viii) ജലാശയങ്ങളുടെ കയ്യേറ്റം തടയുകയും;

(ix) പ്രളയ സമതലങ്ങളിൽ സാമ്പത്തിക പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള മാനുഷിക ഇടപെടലുകൾക്കും ജനവാസത്തിനും കർശന നിയന്ത്രണം ഏർപ്പെടുത്തുകയും;

(x) ജില്ലയിൽ പ്രളയ നിവാരണത്തിനുള്ള നയങ്ങളും പദ്ധതികളും ആവിഷ്കരിക്കുകയും;

(xi) പെട്ടെന്നുള്ളതും അപ്രതീക്ഷിതവുമായ പ്രളയം നേരിടുന്നതിന് മുൻകരുതൽ നടപടി സ്വീകരിക്കുകയും;

(xii) ജില്ലയിലെ പ്രളയ പ്രവചന സംവിധാനത്തിന്റെ പോരായ്മ സംസ്ഥാന അതോറിറ്റിക്ക് റിപ്പോർട്ട് ചെയ്യുകയും;

(xiii) ചെറുനീർത്തടങ്ങൾ, ഉപനദീതടങ്ങൾ, നദീതടങ്ങൾ എന്നിവിടങ്ങളിലെ തൽസ്ഥിതി പ്രവർത്തന പദ്ധതികൾ ശ്രേണീക്രമത്തിൽ സമാഹരിക്കുകയും;

(xiv) പരമ്പരാഗത ജലാശയങ്ങളായ കുളങ്ങൾ, തടാകങ്ങൾ, അരുവികൾ, ഉറവകൾ എന്നിവയുടെ വിവരങ്ങൾ ഉൾക്കൊള്ളുന്ന ചെറുനീർത്തട പദ്ധതികൾ പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാ പഞ്ചായത്ത്, മുൻസിപ്പാലിറ്റി തലത്തിൽ തയ്യാറാക്കുകയും പരിഷ്കരിക്കുകയും;

(xv) പ്രളയ സാധ്യത കൂടുതലുള്ളതും ജനസാന്ദ്രതാമേഖലയിൽ ജലപാതയുള്ളതുമായ ജലാശയങ്ങൾക്ക് മുൻഗണന നൽകുന്ന പ്രളയ നിയന്ത്രണ പ്രവർത്തന പദ്ധതികൾ ആവിഷ്കരിക്കുകയും;

(xvi) ജില്ലയിലെ പ്രളയ സമതല മേഖല വേർതിരിക്കുന്നതിന് സ്ഥാപനപരമായ പിന്തുണയും വകുപ്പുകൾ തമ്മിലുള്ള ഏകോപനവും ഉറപ്പാക്കുകയും;

(xvii) ജില്ലയിലെ പ്രളയ സാധ്യതാ പ്രദേശങ്ങൾ തിരിച്ചറിയുവാൻ സഹായിക്കുന്നതിനും അപകട ലഘൂകരണത്തിനും പ്രതിരോധ ശ്രമങ്ങൾക്ക് മുൻഗണന നൽകുന്നതിനുമുള്ള പ്രളയ അപകട സാധ്യതാ ഭൂപട പുസ്തകം (ഫ്ളഡ് ഹസാർഡ് മാപ്പിംഗ്) തയ്യാറാക്കുകയും;

(xviii) ജില്ലയിൽ പ്രളയ പ്രദേശങ്ങളെ തരംതിരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ കണ്ടെത്തുകയും;

(xix) പ്രാദേശിക തലത്തിലെ ഉപയോഗത്തിന് വലിയ അളവിലുള്ള ഭൂപടങ്ങൾ തയ്യാറാക്കുകയും;

(xx) പ്രളയം സംബന്ധിച്ച് പ്രാദേശിക തലത്തിലെ ഉപയോഗത്തിന് ആവശ്യമായ ഡാറ്റാബേസ് സൃഷ്ടിക്കുകയും;

(xxi) ജില്ലയിൽ ഫീൽഡ് മാപ്പിംഗ് നടത്തുന്നതിന് നടപടി സ്വീകരിക്കുകയും;

(xxii) ഹൈ റെസല്യൂഷൻ ഉപഗ്രഹ ചിത്രങ്ങൾ ലഭ്യമാക്കുകയും ഡിജിറ്റൽ എലിവേഷൻ മോഡലുകൾ തയ്യാറാക്കുകയും സംയോജിപ്പിക്കുകയും;

(xxiii) പ്രളയ നിവാരണവുമായി ബന്ധപ്പെട്ട് ദേശീയ, സംസ്ഥാന നിർദ്ദേശങ്ങൾക്കനുസൃതമായി ജില്ലാതല പദ്ധതികളുടെ നടത്തിപ്പ്, ഏകോപനം, മേൽനോട്ടം എന്നീ ചുമതലകൾ നിർവ്വഹിക്കുകയും;

(xxiv) ജലപാതയിൽ അടിഞ്ഞു കൂടുന്ന മണ്ണ്, ഖരമാലിന്യങ്ങൾ തുടങ്ങിയവ നീക്കം ചെയ്ത് ഒഴുക്ക് തടസ്സപ്പെടുന്നത് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുകയും;

(xxv) പ്രളയജലം ശേഖരിക്കുന്നതിനുള്ള വിവിധോദ്ദേശ്യ റിസർവോയർ ജില്ലയിൽ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുകയും;

(xxvi) പ്രളയജലം ഉൾക്കൊള്ളാനുള്ള ശേഷി വർദ്ധിപ്പിക്കുന്നതിന് ജില്ലയിലെ കനാലുകൾ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുകയും;

(xxvii) ജില്ലയിലെ പ്രളയ സാധ്യതാ പ്രദേശങ്ങളിൽ പ്രളയ ലഘൂകരണത്തിനാവശ്യമായ വരമ്പുകൾ സ്ഥാപിക്കുന്നത് അടക്കമുള്ള പ്രവർത്തികൾ നടത്തുകയും;

(xxviii) ഡ്രെയിനേജ് സംവിധാനം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുകയും;

(xxix) ഫ്ളഡ് മോഡലിങ് ആവശ്യങ്ങൾക്കായി വിശദമായ ലെവലിംഗ് സർവ്വേ നടത്തുകയും;

(xxx) ജില്ലയിൽ തടസ്സമില്ലാത്ത ആശയവിനിമയ സംവിധാനത്തിന്റെ പ്രവർത്തനക്ഷമത പരിശോധിപ്പിക്കുകയും പോരായ്മകൾ സംസ്ഥാന അതോറിറ്റിക്ക് റിപ്പോർട്ട് ചെയ്യുകയും;

(xxxi) ജില്ലയിലെ ഭൂവിനിയോഗ - ഭൂ ആവരണ വിശകലനം നടത്തുകയും;

(xxxii) ജില്ലയിൽ പ്രളയ ദുരന്ത സാധ്യതകൾ ഉൾപ്പെടുത്തി ദുരന്ത ലഘൂകരണ പ്ലാൻ, നയം എന്നിവ തയ്യാറാക്കുകയും;

(xxxiii) ജില്ലയിൽ പ്രളയം മൂലമുള്ള അടിയന്തര സാഹചര്യങ്ങൾ നേരിടുന്നതിനും ഒഴിപ്പിക്കൽ നടപടികൾ ആസൂത്രണം ചെയ്യുന്നതിനുമുള്ള പദ്ധതികൾ തയ്യാറാക്കുകയും;

(xxxiv) സർക്കാരോ സംസ്ഥാന അതോറിറ്റിയോ കാലാകാലങ്ങളിൽ ചുമതലപ്പെടുത്തുന്നതും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കർത്തവ്യങ്ങളും ചുമതലകളും നിറവേറ്റുകയും ചെയ്യുക.



## അദ്ധ്യായം 7

## പ്രളയ സമതലങ്ങളിലെ ഭൂവിനിയോഗത്തിന്റെ നിയന്ത്രണവും നിരോധനവും

20. ഭൂവിനിയോഗത്തിന്റെ നിയന്ത്രണവും നിരോധനവും.—(1) ജലാശയങ്ങളുടെ സംരക്ഷണത്തിനോ പൊതുജനങ്ങളുടെ ജീവനെ കരുതിയോ സ്വത്ത് സംരക്ഷിക്കുന്നതിനോ അവരുടെ അസൗകര്യങ്ങൾ കുറയ്ക്കുന്നതിനോ പ്രളയ സമതലങ്ങളിൽ വികസന പ്രവർത്തനങ്ങൾ നിരോധിക്കുകയോ നിയന്ത്രിക്കുകയോ ചെയ്യേണ്ടത് ആവശ്യമാണെന്ന് കരുതുന്നപക്ഷം അപ്രകാരം നിരോധനമോ നിയന്ത്രണമോ ഏർപ്പെടുത്തേണ്ട സ്ഥലം നിർണ്ണയിച്ചുകൊണ്ടും നിരോധനത്തിന്റെയോ നിയന്ത്രണത്തിന്റെയോ പ്രത്യേകതയും പരിധിയും ഉൾക്കൊള്ളിച്ചുകൊണ്ടുമുള്ള ഒരു ഗസറ്റ് വിജ്ഞാപനം സർക്കാർ താല്പര്യാർത്ഥം പുറപ്പെടുവിക്കാവുന്നതാണ്.

(2) 20-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം വിജ്ഞാപനം പ്രസിദ്ധീകരിച്ചശേഷം തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിലോ സമ്പ്രദായപ്രകാരമോ സമ്മതപത്രത്തിലോ മറ്റ് ഏതെങ്കിലും രേഖയിലോ എന്തുതന്നെ അടങ്ങിയിരുന്നാലും പ്രസ്തുത വിജ്ഞാപനത്തിലെ നിരോധനമോ നിയന്ത്രണമോ നിലനിൽക്കുന്നതാണ്.

(3) അതോറിറ്റിയുടെ മുൻകൂർ അനുമതിയില്ലാതെ യാതൊരാളും അപ്രകാരമുള്ള നിരോധനമോ നിയന്ത്രണമോ നിലനിൽക്കുന്ന സ്ഥലത്ത് യാതൊരു കൈയേറ്റമോ നിർമ്മാണപ്രവർത്തനം അടക്കമുള്ള യാതൊരു ഇടപെടലോ നടത്തുവാൻ പാടുള്ളതല്ല:

എന്നാൽ ഒരാൾ പ്രസ്തുത പ്രദേശത്ത് ഏതെങ്കിലും നിർമ്മാണ പ്രവർത്തനത്തിന് അനുമതി തേടി അതോറിറ്റിക്ക് അപേക്ഷ നൽകുന്നതായാൽ അപ്രകാരമുള്ള അപേക്ഷ സമർപ്പിച്ച തീയതി മുതൽ തൊണ്ണൂറ് ദിവസത്തിനകം ടിയാൾക്ക് അനുമതി നിരസിച്ചുകൊണ്ടുള്ള വിവരം ലഭിക്കാത്തപക്ഷം ആയതിന് അതോറിറ്റി അനുമതി നൽകിയതായി കരുതപ്പെടാവുന്നതാണ്.

## അദ്ധ്യായം 8

## പിഴ ചുമത്തലും ഈടാക്കലും

21. പിഴ ചുമത്തലും ഈടാക്കലും.—(1) ഈ ആക്റ്റിലെ 20-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരമുള്ള വിജ്ഞാപനത്തിലെ ഉപാധികൾക്കും നിബന്ധനകൾക്കുമെതിരായി പ്രളയ സമതല മേഖലയായി വേർതിരിച്ചിരിക്കുന്ന പ്രദേശത്ത് ഒരാൾ ഏതെങ്കിലും നിർമ്മാണ പ്രവൃത്തി ആരംഭിക്കുകയോ നടത്തുകയോ നടത്തുവാൻ ശ്രമിക്കുകയോ ചെയ്യുന്നപക്ഷം അയാൾക്കെതിരെ: —

(എ) പിഴയായി 500 രൂപയോ പിഴ ഒടുക്കുന്നതിൽ വീഴ്ച വരുത്തുന്നപക്ഷം 2 മാസത്തിൽ കവിയാത്ത സാധാരണ തടവോ; കൂടാതെ

(ബി) മേൽപ്പറഞ്ഞ ഉപവകുപ്പ് പ്രകാരമുള്ള ശിക്ഷ സ്വീകരിച്ച ശേഷവും തെറ്റ് ആവർത്തിക്കുന്നപക്ഷം അധിക പിഴയായി പരമാവധി ഒരു ദിവസം 100 രൂപയും ശിക്ഷാർഹമാകുന്നതാണ്.

(2) ഈ ആക്റ്റിൻകീഴിൽ ചുമത്തപ്പെട്ട ഏതൊരു പിഴത്തുകയും അത് ഭൂമിയിന്മേലുള്ള പൊതു നികുതി കുടിശ്ശിക ആയിരുന്നെങ്കിലെന്നപോലെ ഈടാക്കാവുന്നതാണ്.

22. അപ്പീൽ.—(1) അതോറിറ്റിയുടെ ഏതെങ്കിലും തീരുമാനംമൂലം സങ്കടം അനുഭവിക്കുന്ന ഏതൊരാൾക്കും നിർണ്ണയിക്കപ്പെടാവുന്ന അധികാരസ്ഥാനത്തിന് അപ്രകാരമുള്ള തീരുമാനം കൈപ്പറ്റിയ തീയതി മുതൽ തൊണ്ണൂറ് ദിവസത്തിനുള്ളിൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ അപ്പീൽ ഫയൽ ചെയ്യാവുന്നതാണ്.

(2) അങ്ങനെയുള്ള അപ്പീൽ, റെഗുലേഷനുകളാൽ നിർണ്ണയിക്കപ്പെട്ട രീതിയിൽ അപ്രകാരമുള്ള അധികാരസ്ഥാനം യുക്തമെന്ന് കരുതുന്ന അങ്ങനെയുള്ള അന്വേഷണങ്ങൾ നടത്തിയതിനുശേഷവും ബന്ധപ്പെട്ട ആളിന് പറയുവാനുള്ളത് പറയുവാൻ ഒരവസരം നൽകിയതിനുശേഷവും അപ്രകാരമുള്ള അതോറിറ്റിയുടെ തീരുമാനം മാറ്റം വരുത്തുകയോ റദ്ദുചെയ്യുകയോ ചെയ്യാവുന്നതാണ്.

അദ്ധ്യായം 9

## നഷ്ടം നികത്തൽ

23. നഷ്ടപരിഹാരം.—(1) ഈ ആക്റ്റിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ വേർതിരിക്കപ്പെട്ട ഒരു പ്രളയസമതല മേഖലയിലെ നിർമ്മാണ പ്രവർത്തനത്തിന് അപേക്ഷ നിരസിക്കപ്പെട്ട അപ്രകാരമുള്ള മേഖലയിലെ ഏതൊരു ഭൂവുടമയ്ക്കും 2013-ലെ റൈറ്റ് ടു ഫെയർ കോംപൻസേഷൻ ആന്റ് ട്രാൻസ്പരൻസി ഇൻ ലാന്റ് അകിസിഷൻ; റീ-ഹാബിലിറ്റേഷൻ ആൻഡ് റീ-സെറ്റിൽമെന്റ് ആക്റ്റ് (2013-ലെ 30-ാം കേന്ദ്ര ആക്റ്റ്) പ്രകാരം നഷ്ടപരിഹാരത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(2) കൈയേറ്റസ്ഥലങ്ങൾക്ക് (1)-ാം ഉപവകുപ്പ് പ്രകാരമുള്ള നഷ്ടപരിഹാരത്തിന് അർഹതയുണ്ടായിരക്കുന്നതല്ല.

അദ്ധ്യായം 10

## പലവക

24. ആക്റ്റിന്റെ അതിപ്രഭാവം.—സംസ്ഥാനത്തെ പ്രളയ സമതല മേഖല വേർതിരിക്കുന്ന സംഗതികളിലും അതുമായി ബന്ധപ്പെട്ട് അതോറിറ്റി സ്വീകരിക്കുന്ന നടപടികളിലും, ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയും റെഗുലേഷനുകളിലേയും വ്യവസ്ഥകൾക്ക് തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, അതിപ്രഭാവമുണ്ടായിരിക്കുന്നതാണ്.

25. ഉത്തമവിശ്വാസത്തിൽ ചെയ്ത നടപടികൾക്ക് സംരക്ഷണം.—ഈ ആക്റ്റിലേയോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലേയോ റെഗുലേഷനുകളിലേയോ വ്യവസ്ഥകൾ പ്രകാരം ഉത്തമവിശ്വാസത്തിൽ ചെയ്തതോ



ചെയ്യാനുദ്ദേശിച്ചതോ ആയ ഏതെങ്കിലും കാര്യം സംബന്ധിച്ച് യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ ശിക്ഷാനടപടികളോ മറ്റ് നിയമ നടപടികളോ ഒരാൾക്ക് എതിരെ നിലനിൽക്കുന്നതല്ല.

26. വൈഷമ്യങ്ങൾ നീക്കം ചെയ്യൽ.—ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ ഏതെങ്കിലും വൈഷമ്യങ്ങൾ ഉണ്ടാകുന്നപക്ഷം, സർക്കാരിന്, ഗസറ്റിൽ പ്രസിദ്ധീകരിച്ച ഉത്തരവുമൂലം, അങ്ങനെയുള്ള വൈഷമ്യം നീക്കം ചെയ്യുന്നതിന് ആവശ്യമെന്നോ യുക്തമെന്നോ അതിന് തോന്നുന്നതും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ ഏത് കാര്യവും ചെയ്യാവുന്നതുമാണ്:

എന്നാൽ ഈ ആക്റ്റ് പ്രാബല്യത്തിൽ വന്ന തീയതി മുതൽ രണ്ട് വർഷം കഴിഞ്ഞതിനുശേഷം ഈ വകുപ്പുപ്രകാരം യാതൊരു ഉത്തരവും പുറപ്പെടുവിക്കുവാൻ പാടുള്ളതല്ല.

27. റെഗുലേഷനുകൾ ഉണ്ടാക്കുവാനുള്ള അധികാരം.—സംസ്ഥാന അതോറിറ്റിക്ക് ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് അനുസൃതമായി റെഗുലേഷനുകൾ ഉണ്ടാക്കുവാനുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്.

28. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിനുവേണ്ടി, സർക്കാരിന് വിജ്ഞാപനം വഴി, ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കുന്ന ഏതൊരു ചട്ടവും അതുണ്ടാക്കിയതിനു ശേഷം കഴിയുന്നത്ര വേഗം നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ വരാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ് നിയമസഭ ആ ചട്ടത്തിൽ ഏതെങ്കിലും ഭേദഗതി വരുത്തുകയോ അഥവാ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം, ആ ചട്ടത്തിന് അതിനുശേഷം, അതതു സംഗതിപോലെ, അങ്ങനെ ഭേദഗതി വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അഥവാ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു; എന്നിരുന്നാലും; അങ്ങനെയുള്ള ഏതെങ്കിലും ഭേദഗതിയോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

കേരളം വലിയതോതിലുള്ള പ്രളയബാധിത പ്രദേശമായി അടുത്ത കാലംവരെ കരുതിയിരുന്നില്ല. എന്നാൽ കാലാവസ്ഥ വ്യതിയാനം, നദിയോട് ചേർന്നുള്ള പ്രദേശങ്ങളിലെ നിയന്ത്രണാതീതമായ നിർമ്മാണപ്രവർത്തനങ്ങൾ, കൈയേറ്റങ്ങൾ തുടങ്ങിയ കാരണങ്ങളാൽ പ്രളയ സമതലങ്ങളിലും നദീതടങ്ങളിലും കനത്ത മഴ, നദികളുടെ കവിഞ്ഞൊഴുക്ക് എന്നിവ ആഗിരണം ചെയ്യപ്പെടുന്ന അവയുടെ സ്വാഭാവിക സവിശേഷത ഇല്ലാതായിത്തീർത്തു.

2. ഒരു ജലാശയത്തിന്റെ സമതല മേഖലകളിൽ അനുവദനീയമായ വികസന പ്രവർത്തനങ്ങളുടെ ഇനങ്ങൾ നിഷ്കർഷിക്കുന്നതുവഴി പ്രളയം ഉണ്ടാകുമ്പോൾ നാശനഷ്ടങ്ങൾ ഒഴിവാക്കുവാൻ സാധിച്ചില്ലെങ്കിലും ലഘൂകരിക്കുവാൻ സാധിക്കുന്നു.

3. ഇതിനായി സംസ്ഥാനത്തെ പ്രളയസാധ്യതാ പ്രദേശങ്ങൾ നിർണ്ണയിക്കുന്നതിനും അടയാളപ്പെടുത്തുന്നതിനും തരംതിരിക്കുന്നതിനും കൂടാതെ, നദീതീരസംരക്ഷണം അടക്കം പ്രളയ സമതല മാനേജ്മെന്റ് ചുമതലയുള്ള ഒരു അതോറിറ്റി രൂപീകരിക്കുക എന്നത് അനിവാര്യമായ കാര്യമാണ്.

4. സംസ്ഥാനത്തെ പ്രളയ സമതല മേഖലകൾ കണ്ടെത്തുന്നതിനും വേർതിരിക്കുന്നതിനും വേണ്ടി അതോറിറ്റി രൂപീകരിക്കുന്നതിനുള്ള ഒരു നിയമ നിർമ്മാണം അത്തരം മേഖലകളിലെ കൈയേറ്റ, കുടിയേറ്റ, പുനർവിനിയോഗ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും നദീതീര സംരക്ഷണത്തിന് ഫലപ്രദവും സജീവവുമായ നടപടികൾ സ്വീകരിക്കുവാനും സർക്കാരിനെ പ്രാപ്തമാക്കുന്നതാണ്.

## ധനകാര്യമെമ്മോറാണ്ടം

1. 2022-ലെ കേരള പ്രളയ സമതല മാനേജ്മെന്റ് അതോറിറ്റി ബില്ലിലെ 3-ാം ഖണ്ഡം പ്രകാരം രൂപീകരിക്കപ്പെടുന്ന സംസ്ഥാന അതോറിറ്റിയുടെയും 14-ാം ഖണ്ഡം പ്രകാരം രൂപീകരിക്കുന്ന കാര്യനിർവ്വാഹക സമിതിയുടെയും 15-ാം ഖണ്ഡം പ്രകാരം രൂപീകരിക്കുന്ന ജില്ലാ അതോറിറ്റിയുടെയും യോഗ നടപടി ചെലവിനത്തിൽ 20 ലക്ഷം രൂപ വാർഷിക ചെലവ് പ്രതീക്ഷിക്കുന്നു.

2. ഈ നിയമത്തിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരമുള്ള ആവശ്യമായ രേഖകൾ തയ്യാറാക്കുന്നതിനും പൊതുജനങ്ങൾക്ക് പരിശോധനാ സൗകര്യം ഒരുക്കുന്നതിലേയ്ക്കുമായി 25 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

3. ബില്ലിലെ വ്യവസ്ഥകൾ പ്രകാരം സംസ്ഥാന, ജില്ലാതലങ്ങളിലുള്ള അതോറിറ്റികളുടെ രൂപീകരണത്തിനും അംഗങ്ങളുടെയും ഉദ്യോഗസ്ഥരുടെയും മറ്റ് ജീവനക്കാരുടെയും ശമ്പളം, മറ്റ് അലവൻസുകൾ, അടിസ്ഥാന സൗകര്യങ്ങൾക്കായുള്ള ചെലവുകൾ എന്നിവ സംസ്ഥാന സർക്കാർ വഹിക്കേണ്ടതുണ്ട്. അതോറിറ്റി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾക്കും മറ്റും ആവശ്യമായി വരുന്ന ചെലവുകൾ പദ്ധതി രൂപീകരിച്ച് കഴിഞ്ഞാൽ മാത്രമേ കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. എന്നിരുന്നാലും മേൽ പ്രസ്താവിച്ച നികായങ്ങൾക്കും പദ്ധതികൾക്കും ആവർത്തന, അനാവർത്തന ചെലവുകൾക്കുമായി ഏകദേശം 2 കോടി രൂപ വാർഷിക ചെലവ് പ്രതീക്ഷിക്കുന്നു.

4. എന്നാൽ കേരള ഡാം സേഫ്റ്റി അതോറിറ്റിയുടെ പ്രവർത്തനം 30-12-2021-ന് നിർത്തിവച്ചിട്ടുള്ള സാഹചര്യത്തിൽ ആയതിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് ബജറ്റിൽ ഉൾക്കൊള്ളിക്കുന്ന തുക പ്രളയ സമതല മാനേജ്മെന്റ് അതോറിറ്റിയുടെ പ്രാരംഭചെലവുകൾക്കായി ഉപയോഗിക്കാവുന്നതാണ്.



## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

1. ബില്ലിലെ 3-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം, ഗസറ്റ് വിജ്ഞാപനം വഴി "കേരള പ്രളയ സമതല മേഖല വേർതിരിക്കൽ അതോറിറ്റി" എന്ന പേരിൽ ഒരു അതോറിറ്റി രൂപീകരിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

2. ബില്ലിലെ 9-ാം ഖണ്ഡം (5)-ാം ഉപഖണ്ഡം സംസ്ഥാന അതോറിറ്റി അംഗങ്ങൾക്കുള്ള ആനുകൂല്യം നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

3. ബില്ലിലെ 15-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം ജില്ലാ തലത്തിൽ അതോറിറ്റി രൂപീകരിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

4. ബില്ലിലെ 17-ാം ഖണ്ഡം ജില്ലാ അതോറിറ്റി അംഗങ്ങളുടെ യാത്രാബത്തയും ദിനബത്തയും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

5. ബില്ലിലെ 18-ാം ഖണ്ഡം ജില്ലാ അതോറിറ്റി ജീവനക്കാരുടെ നിയമനരീതി നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

6. ബില്ലിലെ 19-ാം ഖണ്ഡം (xxxiv)-ാം ഇനം ജില്ലാ അതോറിറ്റിക്കുള്ള കാലാകാലങ്ങളിലെ അധിക ചുമതലകൾ നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

7. ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് അല്ലെങ്കിൽ വിജ്ഞാപനങ്ങളോ ഉത്തരവുകളോ പുറപ്പെടുവിക്കാവുന്നത് അവ നടപടിക്രമങ്ങൾ സംബന്ധിച്ചുള്ളതോ സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോട് കൂടിയവ ആകുന്നു. കൂടാതെ, ചട്ടങ്ങൾ നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം അതിനാൽ, സാധാരണ സ്വഭാവത്തോടു കൂടിയതാണ്.

ഡോ. എൻ. ജയരാജ്.